(സി) അപേക്ഷിച്ച എല്ലാവർക്കും എൻ. ഒ. സി. നൽകാതിരുന്നത് ഏതെല്ലാം കോഴ്സുകളുടെ കാര്യത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ എത്ര യെന്ന് കോഴ്സുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ, ബി) ആർട്സ് ആന്റ് സയൻസ് കോഴ്സുകൾക്ക് എൻ. ഒ. സി. നൽകാറില്ല. ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ ശുപാർശ ചെയ്യുന്ന മുറയ്ക്ക് കോഴ്സ് അനുവദിക്കുക യാണ് ചെയ്തുവരുന്നത്. എം. എഡ്. കോഴ്സ് ആരംഭിക്കുന്നതിന് എൻ. ഒ. സി.- ക്കായി 5 അപേക്ഷകൾ ലഭിച്ചിരുന്നു. തൽക്കാലം എം. എഡ്. കോഴ്സ് ഒരിടത്തും പുതുതായി അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ എഞ്ചിനീയറിംഗ് കോഴ്സുകൾക്കായി 2003-2004-ൽ 27 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും, 2004-2005 വർഷത്തേക്ക് 42 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അപേക്ഷിച്ച എല്ലാ വർക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ലാ കോളേജുകൾ ആരംഭിക്കുന്നതിന് 2001-ൽ 6-ഉം 2002-ൽ 1-ഉം 2003-ൽ 9-ഉം 2004-ൽ 4-ഉം അപേക്ഷകൾ എൻ. ഒ. സി.-ക്കായി ലഭി ച്ചിട്ടുണ്ട്, അവയിൽ ബാർ കൗൺസിൽ ഓഫ് കേരള ട്രസ്റ്റിന്റെ കീഴിൽ എറണാകുളത്ത് ലാ കോളേജ് തുടങ്ങുന്നതിന് 2002-ൽ എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(സി) എം. എഡ്. കോഴ്സിന്റെ കാര്യത്തിൽ ആർക്കും എൻ. ഒ. സി. നൽകിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

129 [681] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ സ്വകാര്യമേഖലയിൽ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്ത മാക്കാമോ; ഇതിനായി എത്ര സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്;

(സി) എത്ര ബി. എഡ്. കോളേജുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബി. എഡ്. കോളേജുകൾക്ക് അനുമതിപത്രം നൽകിയിരുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി കോളേജുകളും സ്ഥാപിക്കുന്നതിന് എ. ഐ. സി. റ്റി. ഇ. വർഷംതോറും അപേക്ഷ ക്ഷണിക്കുന്നു. ഈ വിജ്ഞാപനപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ ഒരു പകർപ്പ് സർക്കാരിന്റെ എൻ. ഒ. സി.-ക്കായി സമർപ്പിക്കുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ക്രൂട്ടിനി ഫീ സഹിതം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ, സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിക്കുകയും അപേക്ഷ നൽകിയ ട്രസ്റ്റ്/സൊസൈറ്റിയുടെ വിദ്യാഭ്യാസ മേഖലയിലുള്ള മുൻപരിചയം, സാമ്പത്തിക സ്ഥിതി, ലഭ്യമായ ഭൂമി എന്നിവ കണക്കിലെടുത്ത് എൻ. ഒ. സി. നൽകുവാൻ ശുപാർശ ചെയ്യുന്നു. ഇതിനു ശേഷം എ. ഐ. സി. റ്റി. ഇ.-യുടെ അംഗീകാരത്തിന് വിധേയമായി പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുന്നു.

നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷനും (എൻ. സി. റ്റി. ഇ.) യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിനാണ് ബി. എഡ്. കോളേജുകൾ തുടങ്ങാൻ അനുമതി നൽകുന്നത്. എൻ. സി. റ്റി. ഇ.-യുടെ അനുമതിയോട് കൂടിയാണ് ടി. ടി. ഐ.-കൾ ആരംഭിക്കുന്നത്.

സംസ്ഥാന സർക്കാർ നിശ്ചയിച്ചിരിക്കുന്ന എഗ്രിമെന്റും, അഫിഡവിറ്റും, ഫീസും നൽകുന്ന സ്ഥാപനങ്ങൾക്ക് മെഡിക്കൽ കോളേജുകളും ഡെന്റൽ കോളേജുകളും സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റേയും ഇൻഡ്യൻ ഡെന്റൽ കൗൺസിലിന്റേയും അംഗീകാരത്തിനു വിധേയമായി കേന്ദ്ര സർക്കാർ, മെഡിക്കൽ കോളേജും, ഡെന്റൽ കോളേജും തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നു.

നാലേക്കർ ഭൂമിയും 300 കിടക്കകളുമുള്ള ആശുപത്രിയും ഉള്ള സ്ഥാപനങ്ങൾക്കാണ് നഴ്സിംഗ് കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകുന്നത്.

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ ആരംഭിക്കേണ്ട സ്വകാര്യ മേഖലയിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ എണ്ണം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

സംസ്ഥാന സർക്കാർ 2004-2005 വർഷത്തേക്ക്, ഏഴ് എം. ബി. എ. സ്ഥാപനങ്ങൾക്കും നാല് എം. സി. എ. സ്ഥാപനങ്ങൾക്കും മൂന്ന് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോളേജുകൾക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇതുകൂടാതെ 15 എഞ്ചിനീയറിംഗ് കോളേജുകൾക്കും 18 എം. ബി. എ. സ്ഥാപനങ്ങൾക്കും 15 എം. സി. എ. സ്ഥാപനങ്ങൾക്കും 2003-2004 വർഷത്തേക്ക് നൽകിയ എൻ. ഒ. സി. പുതുക്കി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly